പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5752 — 02.07.2014 ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) അന്യസംസ്ഥാന തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം ക്ഷേമപദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം നൽകമോ? | (എ) എല്ലാ അന്യസംസ്ഥാന തൊഴിലാളികളെയും നിർബന്ധമായി രജിസ്റ്റർ ചെയ്ത് ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ 2013 സർക്കാരിന്റെ പരിഗണനയിലാണ്. നിലവിൽ കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫെയർ ബോർഡിന്റെ കീഴിൽ 2010-ൽ നിലവിൽ വന്ന കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് ജോലി ചെയ്യുന്ന കുടിയേറ്റ തൊഴിലാളികളുടെ രജിസ്ട്രേഷനും പദ്ധതി പ്രകാരമുള്ള ക്ഷേമാനുകൂല്യങ്ങളും ബോർഡ് നൽകിവരുന്നു. അന്യസംസ്ഥാന തൊഴിലാളികൾ കൂടുതലായി പണിയെടുക്കുന്ന സൈറ്റുകളിലും കൂട്ടം ചേരുന്ന സ്ഥലങ്ങളിലും തൊഴിലാളികൾക്ക് ലഭിക്കേണ്ട നിയമപരമായ അവകാശങ്ങളെ സംബന്ധിച്ച ലഘുരേഖകൾ വിതരണം ചെയ്യുവാനും കൂലി നിരക്കുകളും നിയമപരമായ ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ഹിന്ദി, ബംഗാളി, ഒറിയ, ആസാമീസ് ഭാഷകളിൽ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ആഫീസർ.